# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2176 — 01.02.2018 ൽ മറുപടിയ്ക്ക്

### ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് അരി സംഭരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പി.അനിൽ കുമാർ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) ഇടനിലക്കാരെ ഒഴിവാക്കി ആന്ധ്രയിൽ നിന്നും സർക്കാർ നേരിട്ട് അരി സംഭരിക്കുന്നതിന് നടപടി സ്വീകരിച്ചിരുന്നോ; പ്രസ്തുത നടപടി വിജയപ്രദമായിരുന്നോ; | (എ) ഇടനിലക്കാരെ ഒഴിവാക്കി ആന്ധ്രയിൽ നിന്നും സർക്കാർ നേരിട്ട് അരി സംഭരിക്കുന്നതിന് സ്വീകരിച്ച നടപടി വിജയപ്രദമായിരുന്നു. |
| (ബി) പൊതു കമ്പോളത്തിൽ അരി വില കിലോക്ക് 60 രൂപ കടന്നിട്ടും അത് കുറയ്ക്കുന്നതിന് സർക്കാർ തലത്തിൽ ക്രിയാത്മകമായ നടപടികൾ സ്വീകരിക്കാത്തത് എന്തു കൊണ്ടാണ് എന്ന് വ്യക്തമാക്കുമോ; | (ബി) പൊതു കമ്പോളത്തിൽ അരി വില കിലോക്ക് 60 രൂപ കടന്നതായി ശ്രദ്ധയിൽപെട്ടിട്ടില്ല.<br>അരിയുടെ വില നിയന്ത്രിക്കുന്നതിനായി സപ്ലൈകോ വിൽപ്പനശാലകളിലൂടെ പൊതുവിപണിയിലേതിനേക്കാൾ 30 മുതൽ 42 ശതമാനം വരെ വിലക്കുറവിൽ, സബ്സിഡി നിരക്കിൽ ജയ അരി, കുറവ അരി, പച്ചരി, മട്ടയരി മുതലായവയും നോൺ സബ്സിഡി നിരക്കിലുള്ള അരി ഇനങ്ങളും പൊതുവിപണിയിലേതിനേക്കാൾ വിലക്കുറവിൽ അളവ് നിയന്ത്രണമില്ലാതെ വിൽപ്പന നടത്തിവരുന്നു. ഓണക്കാലത്ത് പൊതുവിപണിയിലെ അരിയുടെ വിലവർദ്ധനവ് പിടിച്ചുനിർത്തുന്നതിന്റെ ഭാഗമായി നിലവിലുള്ള ഇ-ടെണ്ടർ പർച്ചേസിന് പുറമെ, ആന്ധ്രയിൽ നിന്നും നേരിട്ട് 5165 മെട്രിക് ടൺ ജയ അരി സംഭരിക്കുകയും കിലോഗ്രാമിന് 25 രൂപ നിരക്കിൽ വിൽപ്പന നടത്തുകയും ചെയ്തിട്ടുണ്ട്. |
| (സി) ആന്ധ്രയിലെ മൊത്ത വ്യാപാരികളിൽ നിന്നും നേരിട്ട് അരി സംഭരിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) ആന്ധ്രയിലെ മൊത്ത വ്യാപാരികളിൽ നിന്നും 5165 മെട്രിക് ടൺ ജയ അരി സംഭരിച്ച് കിലോഗ്രാമിന് 25 രൂപ നിരക്കിൽ വിൽപ്പന നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ